**മധുരമായ കുട്ടികളേ – ഓർമ്മയാകുന്ന ഔഷധത്തിലൂടെ സ്വയത്തെ സദാ നിരോഗിയാക്കൂ, ഓർമ്മയുടേയും സ്വദർശനചക്രം കറക്കുന്നതിന്റേയും ശീലം വെക്കൂ, എങ്കിൽ വികർമ്മാജീത്തായി മാറും.**

**ചോദ്യം** –തന്റെ ഉന്നതിയുടെ ചിന്ത സദാ ഉണ്ടായിരിക്കുന്ന കുട്ടികളുടെ അടയാളമെന്തായിരിക്കും ?
**ഉത്തരം** –അവരുടെ ഓരോ പ്രവർത്തിയും സദാ ശ്രീമതത്തിന്റെ ആധാരത്തിലായിരിക്കും. ബാബയുടെ ശ്രീമതമാണ് – കുട്ടികളേ, ദേഹാഭിമാനത്തിൽ വരരുത്, ഓർമ്മയുടെ യാത്രയുടെ ചാർട്ട് വെക്കൂ. തന്റെ കണക്ക് പുസ്തകത്തിൽ കണക്ക് വെക്കൂ.എത്ര സമയം ഞാൻ ബാബയുടെ ഓർമ്മയിൽ ഇരുന്നു, എത്ര സമയം ആർക്കെല്ലാം പറഞ്ഞ് കൊടുത്തു എന്ന് ചെക്ക് ചെയ്യൂ.

**ഗീതം** –അങ്ങ് സ്നേഹസാഗരനാണ്..........

**ഓംശാന്തി**. ഇവിടെ ഇരിക്കുമ്പോൾ ബാബയുടെ ഓർമ്മയിൽ ഇരിക്കണം. മായ വളരെ പേരെ ഓർമ്മിക്കാൻ അനുവദിക്കുന്നില്ല കാരണം ദേഹാഭിമാനിയാണ്. ചിലർക്ക് മിത്ര സംബന്ധികൾ, ചിലർക്ക് ഭക്ഷണ പാനീയങ്ങൾ എല്ലാം ഓർമ്മയിൽ വന്ന് കൊണ്ടിരിക്കും. ഇവിടെ വരുമ്പോൾ ബാബയെ ആഹ്വാനം ചെയ്ത് കൊണ്ടിരിക്കണം. ലക്ഷ്മിയുടെ പൂജ ചെയ്യുമ്പോൾ ലക്ഷ്മിയെ ആഹ്വാനം ചെയ്യുന്നത് പോലെ, പക്ഷെ ലക്ഷ്മി വരുന്നൊന്നുമില്ല. അത് വെറുതെ പറയുക മാത്രമേ ചെയ്യുന്നുള്ളൂ, നിങ്ങളും ബാബയെ ഓർമ്മിക്കൂ അഥവാ ആഹ്വാനം ചെയ്യൂ, കാര്യം ഒന്ന് തന്നേയാണ്. ഓർമ്മയിലൂടെ തന്നേയാണ് വികർമ്മം വിനാശമാകുന്നത്. വികർമ്മം ധാരാളം ചെയ്തത് കാരണം ധാരണ ഉണ്ടാകുന്നില്ല, അത് കാരണം ബാബയേയും ഓർമ്മിക്കാൻ കഴിയുന്നില്ല. എത്ര മാത്രം ബാബയേ ഓർമ്മിക്കുന്നുവോ അത്രയും വികർമ്മാജീത്താകും, ആരോഗ്യം ലഭിക്കും. വളരെ എളുപ്പമാണ്, എന്നാൽ മായ അഥവാ കഴിഞ്ഞ കാലത്തെ വികർമ്മങ്ങൾ തടസ്സം ഉണ്ടാക്കുന്നു. ബാബ പറയുന്നു നിങ്ങൾ അരകൽപ്പം അയഥാർത്ഥമായ ഓർമ്മ ചെയ്തു. ബാബ വരുന്നുണ്ട്, മുരളി കേൾപ്പിക്കുന്നുണ്ട് എന്നെല്ലാം മനസിലാക്കിയത് കാരണം ഇപ്പോൾ പ്രാക്റ്റിക്കലായി ആഹ്വാനം ചെയ്തു കൊണ്ടിരിക്കുന്നു. എന്നാൽ ഈ ഓർമ്മയുടെ ശീലം ഉണ്ടാക്കണം. സദാ നിരോഗിയാകുന്നതിന് വേണ്ടി സർജൻ എന്നെ ഓർമ്മിക്കൂ എന്ന മരുന്ന് നൽകുന്നു. പിന്നീട് നിങ്ങൾ വന്ന് എന്നെ കൂടിക്കാഴ്ച നടത്തും. എന്നെ ഓർമ്മിക്കുന്നതിലൂടെ തന്നേയാണ് സമ്പത്ത് ലഭിക്കുന്നത്. ബാബയേയും മധുരമായ വീടിനേയും ഓർമ്മിക്കണം. എവിടെ പോയാലും അത് ബുദ്ധിയിൽ വെക്കണം. ബാബ തന്നേയാണ് ഇവിടെ വന്ന് സത്യമായ സന്ദേശം നൽകുന്നത്, മറ്റാർക്കും ഈശ്വരന്റെ സന്ദേശം നൽകാൻ സാധിക്കില്ല. അവർ ഇവിടെ സ്റ്റേജിൽ പാർട്ടഭിനയിക്കാൻ വരുന്നു, ഈശ്വരനെ മറക്കുകയും ചെയ്യുന്നു. ഈശ്വരനെ അറിയുന്നില്ല. ഇശ്വരനെ യഥാർത്ഥത്തിൽ പ്രവാചകൻ, സന്ദേശി എന്നൊന്നും പറയാൻ കഴിയില്ല. ഇത് മനുഷ്യർ വെച്ച പേരാണ്. അവർ അവരുടെ പാർട്ടഭിയിക്കുന്നതിന് ഇവിടെ വരുന്നു. പിന്നെ എങ്ങിനെ ഓർമ്മിക്കും? പാർട്ടഭിനയിച്ച് പതിതമാകുക തന്നെ വേണം. പിന്നീട് അന്തിമത്തിൽ പാവനമാകണം. ബാബ തന്നേയാണ് വന്ന് പാവനമാക്കുന്നത്. ബാബയുടെ ഓർമ്മയിലൂടെ തന്നേയാണ് പാവനമാകുന്നത്. ബാബ പറയുന്നു പാവനമാകാൻ ഒരേയൊരു ഉപായമാണുള്ളത് – ദേഹസഹിതം ദേഹത്തിന്റെ എന്തെല്ലാം സംബന്ധങ്ങളുണ്ടോ അവയെല്ലാം മറക്കണം.

നിങ്ങൾക്കറിയാം ആത്മാവാകുന്ന എന്നെ ഓർമ്മിക്കാനുള്ള ആജ്ഞ ലഭിച്ചിട്ടുണ്ട് എന്ന്. അതനുസരിച്ച് നടക്കുന്നതിലൂടെ തന്നേയാണ് ആജ്ഞാകാരീ എന്ന് പറയുക. ആര് എത്ര പുരുഷാർത്ഥം ചെയ്യുന്നുവോ അത്രയും ആജ്ഞാകാരിയാണ്. ഓർമ്മ കുറവാണെങ്കിൽ കുറഞ്ഞ ആജ്ഞാകാരിയാണ്. ആജ്ഞാകാരി പദവിയും ഉയർന്നത് നേടും. ബാബയുടെ ആജ്ഞയാണ് – ഒന്ന് അച്ഛനാകുന്ന എന്നെ ഓർമ്മിക്കൂ, രണ്ട് ജ്ഞാനം ധാരണ ചെയ്യൂ. ഓർമ്മിക്കുന്നില്ല എങ്കിൽ ശിക്ഷയും വളരെ അനുഭവിക്കേണ്ടി വരും. സ്വദർശന ചക്രം കറക്കി കൊണ്ടിരിക്കുകയാണെങ്കിൽ ധാരാളം സമ്പത്ത് ലഭിക്കും. ഭഗവാൻ ഉവാച – എന്നെ ഓർമ്മിക്കൂ സ്വദർശന ചക്രം കറക്കൂ അതായത് ഡ്രാമയുടെ ആദി മദ്ധ്യ അന്ത്യത്തെ മനസിലാക്കൂ. എന്നിലൂടെ എന്നേയും ഓർമ്മിക്കൂ സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ ചക്രവും അറിയൂ. രണ്ട് കാര്യങ്ങൾ മുഖ്യമാണ്. ഇവയിൽ ശ്രദ്ധിക്കണം. ശ്രീമതത്തിൽ പൂർണ്ണ ശ്രദ്ധ നൽകുകയാണെങ്കിൽ ഉയർന്ന പദവി ലഭിക്കും. ദയാഹൃദയരാകണം, എല്ലാവർക്കും വഴി പറഞ്ഞ് കൊടുക്കണം, മംഗളം ചെയ്യണം. മിത്ര സംബന്ധികളേയെല്ലാം സത്യമായ യാത്ര കൊണ്ട് പോകുന്നതിന് യുക്തി രചിക്കണം. അത് സ്ഥൂലമായ യാത്രയാണ്, ഇത് ആത്മീയ യാത്രയാണ്. ഈ ആത്മീയ ജ്ഞാനം ആരുടെ പക്കലുമില്ല. അത് എല്ലാ

ശാസ്ത്രങ്ങളുടേയും തത്വജ്ഞാനമാണ്. ഇത് ആത്മീയ ജ്ഞാനമാണ്. പരമാത്മാവ് ആത്മാക്കൾക്ക് മനസിലാക്കി കൊടുത്ത് തിരികെ കൊണ്ട് പോകുന്നതിന് വേണ്ടി ഈ ജ്ഞാനം നൽകുന്നു.

ചില കുട്ടികൾ ഇവിടെ വന്ന് നിർബന്ധിതരായി ഇരിക്കുന്നത് പോലേയാണ് ഇരിക്കുന്നത്. സ്വന്തം ഉന്നതിയുടെ യാതൊരു ചിന്തയും ഇല്ല. ദേഹാഭിമാനം വളരെ ഉണ്ട്. ദേഹീ അഭിമാനിയാണെങ്കിൽ ദയാഹൃദയരാകും, ശ്രീമതമനുസരിച്ച് നടക്കും. ആജ്ഞാകരിയല്ല. ബാബ പറയുന്നു തന്റെ ചാർട്ട് എഴുതൂ – എത്ര സമയം ഓർമ്മിച്ചു എന്ന്. ഏതേതെല്ലാം സമയത്ത് ഓർമ്മിക്കുന്നു ? മുമ്പ് ചാർട്ട് വെച്ചിരുന്നു. ശരി ബാബയ്ക്കയക്കേണ്ട, ചാർട്ട് തന്റെ കൈയ്യിൽ വെക്കൂ. തന്റെ മുഖം നോക്കണം – ഞാൻ ലക്ഷ്മിയേ വരിക്കാൻ യോഗ്യമാണോ ?വ്യാപാരികൾ അവരുടെ കണക്ക് കൈവശം വെക്കാറുണ്ട്, ചിലർ അവരുടെ മുഴുവൻ ദിവസത്തേയും ദിനചര്യ എഴുതാറുണ്ട്. എഴുതുന്നത് ഒരു ഹോബിയാക്കാറുണ്ട്. ഞങ്ങൾ എത്ര സമയം ബാബയുടെ ഓർമ്മയിൽ ഇരുന്നു എന്ന് കണക്കു  വെക്കുന്നത് വളരെ നല്ല കാര്യമാണ്. എത്ര സമയം ആർക്കെല്ലാം മനസിലാക്കി കൊടുത്തു? ഇങ്ങിനെ ചാർട്ട് വെക്കുകയാണെങ്കിൽ വളരെ ഉന്നതിയുണ്ടാകും. ഇങ്ങിനെ ഇങ്ങിനെ ചെയ്യൂ എന്ന് ബാബ വഴി പറഞ്ഞ് തരുന്നു. കുട്ടികൾ സ്വയത്തിന്റെ ഉന്നതി ചെയ്യണം. മാലയിലെ മണിയാകുന്നവർ വളരെ പുരുഷാർത്ഥം ചെയ്യണം. ബാബ പറഞ്ഞിരുന്നു – ബ്രാഹ്മണരുടെ മാല ഇപ്പോൾ ഉണ്ടാക്കാൻ സാധിക്കില്ല, രുദ്രമാല അന്തിമത്തിൽ ഉണ്ടാക്കപ്പെടും. ബ്രാഹ്മണരുടെ മാലയിലെ മണികൾ മാറി കൊണ്ടിരിക്കും. ഇന്ന് 3–4 നമ്പറിൽ വരുന്നവർ നാളെ അവസാനത്തിലേക്ക് പോകും. എത്ര വ്യത്യാസമുണ്ട്. ചിലർ വീണ് പോകുന്നു ദുർഗതി പ്രാപിക്കുന്നു. മാലയിൽ നിന്ന് പോയി, പ്രജയിലും തികച്ചും ചണ്ഡാലനായി പോകുന്നു. മാലയിൽ കോർക്കപെടണമെങ്കിൽ വളരെ പരിശ്രമിക്കണം. ബാബ വളരെ നല്ല വഴി പറഞ്ഞ് തരുന്നു – നിങ്ങളുടെ ഉന്നതി എങ്ങിനെ ഉണ്ടാകുന്നു ?എല്ലാവർക്കും വേണ്ടി പറഞ്ഞ് തരുന്നു. ഇനി ചിലർ ഊമയാണെങ്കിൽ പോലും ആംഗ്യങ്ങളിലൂടെ ബാബയുടെ ഓർമ്മയുണർത്താൻ സാധിക്കും. സംസാരിക്കുന്നവരേക്കാൾ ഉയർന്ന് പോകാൻ സാധിക്കും. അന്ധനോ വികലാംഗനോ ആരുമായിക്കോട്ടെ ആരോഗ്യവാനേക്കാൾ കൂടുതൽ പദവി നേടാൻ സാധിക്കും. സെക്കന്റിൽ അടയാളം കാണിക്കും. സെക്കന്റിൽ ജീവന്മുക്തി എന്ന് പാടിയിട്ടില്ലേ. ബാബയുടേതായി സമ്പത്ത് ലഭിക്കുക തന്നെ ചെയ്യും. അതിലും നമ്പർ ക്രമത്തിലുള്ള പദവി തീർച്ചയായും ഉണ്ടാകും. കുട്ടി ജനിക്കുമ്പോൾ സമ്പത്തിന് അവകാശിയാകുന്നു. ഇവിടെ നിങ്ങൾ ആത്മാക്കൾ പുരുഷന്മാരാണ്. അച്ഛനിൽ നിന്ന് സമ്പത്തിന്റെ അവകാശം എടുക്കണം. എല്ലാം പുരുഷാർത്ഥത്തിന്റെ ആധാരത്തിലാണ്. കൽപ്പം മുമ്പും ഇങ്ങിനെയുള്ള പുരുഷാർത്ഥമാണ് ചെയ്തിരുന്നത് എന്ന് പറയുകയും ചെയ്യും. മായയോട് മല്ലയുദ്ധം നടത്തുകയാണ്. പാണ്ഡവർക്ക് തന്നേയാണ് മായാരാവണനോട് യുദ്ധം. ചിലർ പുരുഷാർത്ഥം ചെയ്ത് വിശ്വത്തിന്റെ അധികാരിയായി ഡബിൾ കിരീടധാരിയാകുന്നു, ചിലർ പ്രജയിൽ വേലക്കാരാകുന്നു. എല്ലാവരും ഇവിടെ പുരുഷാർത്ഥം ചെയ്ത് കൊണ്ടിരിക്കുന്നു. രാജധാനി സ്ഥാപിതമായി കൊണ്ടിരിക്കുന്നു, തീർച്ചയായും ശ്രദ്ധ മുന്നിലുള്ള 8 മണികളിലായിരിക്കും. 8 മണികൾ എങ്ങിനെ മുന്നേറുന്നു എന്ന് പുരുഷാർത്ഥത്തിൽ നിന്ന് മനസിലാക്കാം. അന്തര്യാമിയാണ്, എല്ലാവരുടെ മനസും വായിക്കാൻ കഴിയും എന്നല്ല. അന്തര്യാമീ എന്നാൽ എല്ലാം അറിയുന്നവൻ. എന്നുവെച്ചാൽ ഓരോരുത്തരുടെ മനസിലും ഇരുന്ന് എല്ലാം അറിയുക എന്നല്ല. എല്ലാം അറിയുന്നവൻ എന്നാൽ നോളജ്ഫുൾ എന്നർത്ഥം. സൃഷ്ടിയുടെ ആദി – മദ്ധ്യ – അന്ത്യം അറിയുന്നു. ഓരോരുത്തരുടെ മനസിലും ഇരുന്ന് വായിക്കുകയൊന്നും ചെയ്യുന്നില്ല. ഞാൻ മനസുവായിക്കുന്നവനാണ് എന്നാണോ മനസിലാക്കിയിരിക്കുന്നത്. ഞാൻ എല്ലാം അറിയുന്നവനാണ് അർത്ഥം ജ്ഞാനസമ്പന്നനാണ്. ഭൂതം, വർത്തമാനം, ഭാവിയെ തന്നേയാണ് സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യം എന്ന് പറയുന്നത്. ഈ ചക്രം എങ്ങിനെ കറങ്ങുന്നു, അതിന്റെ ആവർത്തനം മനസിലാക്കുന്നു. ആ ജ്ഞാനം നിങ്ങൾ കുട്ടികളെ പഠിപ്പിക്കുന്നതിന് വരുന്നു. ആര് എത്ര സേവനം ചെയ്യുന്നു, എത്ര പഠിക്കുന്നു എന്നെല്ലാം ഓരോരുത്തർക്കും മനസിലാക്കാൻ സാധിക്കും. ബാബയിരുന്ന് ഓരോരുത്തരേയും മനസിലാക്കുക എന്നല്ല. ബാബയിരുന്ന് കേവലം ഈ ജോലി ചെയ്യുന്നേയില്ല. ബാബ എല്ലാം അറിയുന്നവൻ, മനുഷ്യസൃഷ്ടിയുടെ ബീജരൂപം, നോളജ്ഫുള്ളാണ്. മനുഷ്യ സൃഷ്ടിയുടെ ആദി, മദ്ധ്യ, അന്ത്യത്തേയും പ്രധാന അഭിനേതാക്കളെയും അറിയുന്നു. ബാക്കി അളവറ്റ രചനകളാണ്. ഈ എല്ലാം അറിയുവൻ എന്ന വാക്ക് പഴയതാണ്. എനിക്ക് അറിയുന്ന ജ്ഞാനം നിങ്ങളെ പഠിപ്പിക്കുന്നു. അല്ലാതെ ദിവസം മുഴുവൻ നിങ്ങൾ ചെയ്യുന്ന കാര്യങ്ങൾ ഇരുന്ന് കാണുകയാണോ ഞാൻ? ഞാൻ സഹജ രാജയോഗവും ജ്ഞാനവും പഠിപ്പിക്കുന്നതിന് വരുന്നു. ബാബ പറയുന്നു, കുട്ടികൾ ധാരാളമുണ്ട്, ഞാൻ കുട്ടികളുടെ മുന്നിൽ പ്രത്യക്ഷമാകുന്നു. എല്ലാ വ്യവഹാരങ്ങളും കുട്ടികളുമായാണ്. ആരെല്ലാം എന്റെ കുട്ടികളാണോ അവരുടേയെല്ലാം അച്ഛനാണ് ഞാൻ. പിന്നെ അവർ ഒന്നാനമ്മയുടെ കുട്ടിയാണോ രണ്ടാനമ്മയുടെ കുട്ടി യാണോ എന്ന് ഞാൻ മനസിലാക്കുന്നു. എല്ലാവരും പഠിക്കുകയാണ്. ശ്രീമതമനുസരിച്ച് പാർട്ടഭിനയിച്ച് കല്യാണകാരിയാകണം. ബൃഹസ്പതിയെ വൃക്ഷപതീ ദിനം എന്ന് പറയും എന്ന് നിങ്ങൾക്കറിയാം. വൃക്ഷപതിയുമാണ്, ശിവനുമാണ്. ഒന്ന് തന്നേയാണ്.വ്യാഴാഴ്ച സ്ക്കൂളിൽ ചേരുന്നു, അപ്പോൾ ഗുരുവിന്റെ

ശിഷ്യത്വം സ്വീകരിക്കുന്നു. സോമനാഥന്റെ ദിവസം തിങ്കളാഴ്ചയാണ്, ശിവബാബ സോമരസം(ജ്ഞാനം) കുടിപ്പിക്കുന്നു. ശിവൻ എന്നാണ് പേര് എങ്കിലും പഠിപ്പിക്കുന്നതിനാൽ സോമനാഥൻ എന്നും വിളിക്കുന്നു. രുദ്രൻ എന്നും സോമനാഥനേയാണ് പറയുന്നത്. രുദ്രജ്ഞാന യജ്ഞം രചിച്ചതിനാൽ ജ്ഞാനം കേൾപ്പിക്കുന്നവനും ആയി. പേരുകൾ ധാരാളം വെച്ചിട്ടുണ്ട്. അതിന്റെ ജ്ഞാനം തരികയും ചെയ്യുന്നു. ആരംഭത്തിൽ ഒരേയൊരു യജ്ഞം നടക്കുന്നു, മുഴുവൻ സൃഷ്ടിയുടെ സാമഗ്രികളും ഈ യജ്ഞത്തിൽ സ്വാഹ ചെയ്യപ്പെടും എന്ന് ആർക്കും അറിയില്ലായിരുന്നു. ഏതെല്ലാം മനുഷ്യരുണ്ടോ, എന്തെല്ലാമുണ്ടോ, തത്വസഹിതം എല്ലാം പരിവർത്തനം ചെയ്യപ്പെടണം. ഇതെല്ലാം കുട്ടികൾക്ക് കാണേണ്ടതുണ്ട്, കാണുന്നവർ വലിയ മഹാവീരരായിരിക്കണം. എന്ത് സംഭവിച്ചാലും ബാബയെ മറക്കരുത്. ആളുകൾ അയ്യോ അയ്യോ, രക്ഷിക്കണേ രക്ഷിക്കണേ എന്ന് പറഞ്ഞ് കൊണ്ടിരിക്കും. ഏറ്റവും ആദ്യം മനസിലാക്കി കൊടുക്കണം – ഒന്നു ശ്രദ്ധിക്കൂ, സത്യയുഗത്തിൽ ഒരേയൊരു ഭാരതമേ ഉണ്ടായിരുന്നുള്ളൂ, ആളുകൾ വളരെ കുറവായിരുന്നു, ഒരു ധർമ്മമായിരുന്നു, ഇപ്പോൾ കലിയുഗാന്ത്യത്തിൽ എത്ര ധർമ്മങ്ങളാണ് !ഇത് ഏത് വരെ ഉണ്ടാകും ?കലിയുഗത്തിന് ശേഷം തീർച്ചയായും സത്യയുഗമുണ്ടാകും. ഇപ്പോൾ ആര് സത്യയുഗ സ്ഥാപന ചെയ്യും ?രചയിതാവ് ബാബ തന്നേയാണ്. സത്യയുഗത്തിന്റെ സ്ഥാപനയും കലിയുഗത്തിന്റെ വിനാശവും ഉണ്ടാകുന്നു. ഈ വിനാശം സമീപം തന്നെ ഉണ്ട്. ഇപ്പോൾ നിങ്ങൾക്ക് ബാബയിലൂടെ വർത്തമാന സമയത്തേയും, ഭൂതകാലത്തേയും, ഭാവിയുടേയും ജ്ഞാനം ലഭിച്ചു. ഈ സ്വദർശന ചക്രം കറക്കണം. എത്ര സഹജമായ കാര്യമാണ്.

ഗീതം – അങ്ങ് സ്നേഹസാഗരനാണ്.........ചിത്രങ്ങളിൽ ജ്ഞാനസാഗരൻ, ശാന്തിസാഗരൻ എന്നെല്ലാം എഴുതി വെച്ചിരിക്കുന്നു, അതിൽ സ്നേഹസാഗരൻ എന്ന വാക്ക് തീർച്ചയായും വേണം. ബാബയുടെ മഹിമ തികച്ചും വേറിട്ടതാണ്. സർവ്വവ്യാപി എന്ന് പറയുന്നതിലൂടെ മഹിമയും ഇല്ലാതാക്കുന്നു. അതിനാൽ സ്നേഹസാഗരൻ എന്ന് തീർച്ചയായും എഴുതണം, ഇത് പരിധിയില്ലാത്ത മാതാ–പിതാവിന്റെ സ്നേഹമാണ്, അങ്ങയുടെ കൃപയാൽ സുഖസമ്പത്ത് എന്ന് ആ ബാബയേ തന്നേയാണ് മഹിമ പാടുന്നത്, എന്നാൽ മനസിലാക്കുന്നില്ല. ഇപ്പോൾ ബാബ പറയുന്നു നിങ്ങൾ എന്നെ അറിഞ്ഞതിലൂടെ എല്ലാം അറിഞ്ഞു. ഞാൻ തന്നേയാണ് സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനം മനസിലാക്കി തരുന്നത്. ഒരു ജന്മത്തെ കാര്യമല്ല, മുഴുവൻ സൃഷ്ടിയുടേയും ഭൂതം, വർത്തമാനം, ഭാവി അറിയുന്നു, എങ്കിൽ ബുദ്ധിയിൽ എത്ര വരേണ്ടതുണ്ട്. ആരാണോ ദേഹീ അഭിമാനിയാകാത്തത് അവർക്ക് ധാരണയും ഉണ്ടാകുന്നില്ല. മുഴുവൻ കൽപ്പവും ദേഹാഭിമാനമുണ്ടാകുന്നു. സത്യയുഗത്തിലും പരമാത്മാവിന്റെ ജ്ഞാനം ഉണ്ടാകുന്നില്ല. ഇവിടെ പാർട്ടഭിനയിക്കാൻ വരുന്നു, പരമാത്മാവിന്റെ ജ്ഞാനം മറന്ന് പോകുന്നു. ആത്മാവ് ഒരു ശരീരം ഉപേക്ഷിച്ച് മറ്റൊന്ന് എടുക്കുന്നു. എന്നാൽ അവിടെ ദു:ഖമുണ്ടാകുന്നില്ല. ജ്ഞാനസാഗരൻ, സ്നേഹസാഗരൻ എന്നെല്ലാം ബാബയുടെ മഹിമയാണ്. മന്മനാഭവ, മധ്യാജീഭവ..... എന്നെല്ലാം ഒരു തുള്ളിയാണ്, അത് കിട്ടിയാൽ നമ്മൾ വിഷയസാഗരത്തിൽ നിന്ന് ക്ഷീരസാഗരത്തിൽ പോകും. സ്വർഗത്തിൽ പാലിന്റേയും, നെയ്യിന്റേയും നദിയൊഴുകും എന്ന് പറയാറില്ലേ. ഇവയെല്ലാം മഹിമയാണ്. അല്ലാതെ പാലിന്റേയും നെയ്യിന്റേയും നദിയൊന്നും ഒഴുകുന്നില്ല. മഴക്കാലത്ത് വെള്ളം വരും. നെയ്യ് എവിടെ നിന്ന് വരാനാണ്. ഇതെല്ലാം ഒരു മഹത്വം കൊടുത്തതാണ്. ഏതിനേയാണ് സ്വർഗം എന്ന് പറയുന്നത് എന്നും ഇപ്പോൾ നിങ്ങൾക്കറിയാം. അജമീറിൽ മോഡലുണ്ട് എന്നാൽ ഒന്നും മനസിലാക്കുന്നില്ല. നിങ്ങൾ ആർക്കെങ്കിലും മനസിലാക്കി കൊടുക്കുകയാണെങ്കിൽ പെട്ടെന്ന് മനസിലാക്കും. ബാബയിൽ ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനമുള്ളത് പോലെ നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലും ജ്ഞാനം കറങ്ങി കൊണ്ടിരിക്കണം. ബാബയുടെ പരിചയം നൽകണം, കൃത്യമായ മഹിമ കേൾപ്പിക്കണം, ബാബയുടെ മഹിമ അപരമപാരമാണ്. എല്ലാവരും ഒരുപോലെയാകില്ല. ഓരോരുത്തർക്കും അവരവരുടെ പാർട്ട് ലഭിച്ചിരിക്കുന്നു. ദിവ്യ ദൃഷ്ടിയിലൂടെ ബാബ കാണിച്ച് തന്നതെല്ലാം പ്രാവർത്തികമാകുന്നത് മുന്നോട്ട് പോകുമ്പോൾ കാണാൻ സാധിക്കും. സ്ഥാപനയുടേയും വിനാശത്തിന്റേയും സാക്ഷാത്കാരം ചെയ്ത് കൊണ്ടിരിക്കുന്നു. അർജുനനും ദിവ്യദൃഷ്ടിയിലൂടെ സാക്ഷാത്ക്കാരം കാണിച്ച് കൊടുത്തു പിന്നീട് പ്രാവർത്തികമായി കണ്ടു. നിങ്ങളും ഈ കണ്ണുകളാൽ വിനാശം കാണും. വൈകുണ്ഡത്തിന്റേയും സാക്ഷാത്ക്കാരം ചെയ്യിച്ചിട്ടുണ്ട്, അതും പ്രാവർത്തികമായി കാണുമ്പോൾ സാക്ഷാത്ക്കാരം അവസാനിക്കും. എത്ര നല്ല നല്ല കാര്യങ്ങളാണ് കേൾപ്പിക്കുന്നത്, അവ പിന്നീട് കുട്ടികൾ മറ്റുള്ളവർക്കും മനസിലാക്കി കൊടുക്കണം – സഹോദരീ സഹോദരരേ വന്ന് ഈ ജ്ഞാന യോഗത്തിലൂടെ ബാബയിൽ നിന്ന് സമ്പത്തെടുക്കൂ.

ബാബ ക്ഷണപത്രം തെറ്റ് തിരുത്തിക്കൊണ്ടിരിക്കുന്നു. താഴെ ഒപ്പിടുന്നു, ഈ കാര്യത്തിന് വേണ്ടി ശരീരം മനസ് ധനം കൊണ്ട് ഈശ്വരീയ സേവയിൽ ഉപസ്ഥിതരാണ് എന്ന്. മുന്നോട്ട് പോകുമ്പോൾ മഹിമയുണ്ടാകും. കൽപ്പം മുമ്പ് ആരെല്ലാം സമ്പത്തെടുത്തോ അവരെല്ലാം വരിക തന്നെ ചെയ്യും.

പരിശ്രമിക്കണം. പിന്നീട് സന്തോഷത്തിന്റെ ഉന്നതിയിലേക്ക് കയറി കയറി സ്ഥായിയാകും. പിന്നീട് ഇടയ്ക്കിടെ വാടുകയില്ല. കൊടുങ്കാറ്റുകൾ ധാരാളം വരും അവയെല്ലാം തരണം ചെയ്യണം. ശ്രീമതമനുസരിച്ച് നടന്ന് കൊണ്ടിരിക്കൂ. വ്യവഹാരങ്ങളെല്ലാം ചെയ്യണം. സേവനത്തിന്റെ തെളിവ് നൽകാത്തത് വരെ ബാബ ഈ സേവനത്തിൽ ഏർപ്പെടുത്തുകയില്ല. ശരി !

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യസാരം -**

1. ശ്രീമതത്തിൽ പൂർണമായ ശ്രദ്ധ നൽകി തന്റേയും മറ്റുള്ളവരുടേയും മംഗളം ചെയ്യണം. എല്ലാവരേയും സത്യമായ യാത്ര ചെയ്യിക്കണം, ദയാലുവാകണം.

2. ബാബയുടെ ഓരോ ആജ്ഞയും പാലിക്കണം. ഓർമ്മയുടെ അഥവാ സേവയുടെ ചാർട്ട് തീർച്ചയായും വെക്കണം. സ്വദർശന ചക്രം കറക്കണം.

**വരദാനം:- സത്യമായ ഹൃദയത്തിലൂടെ സാഹേബിനെ പ്രീതിപ്പെടുത്തുന്ന രഹസ്യയുക്തരും യുക്തിയുക്തരും യോഗയുക്തരുമായി ഭവിക്കട്ടെ.**

ബാപ്ദാദയുടെ ടൈറ്റിലാണ് ദിൽവാലാ, മനസ്സിനെ രമിപ്പിക്കുന്നവൻ എന്ന്. ആരാണോ സത്യമായ ദിൽവാലാ കുട്ടികൾ, അവരിൽ സാഹേബ് പ്രീതിപ്പെടുന്നു. ഹൃദയം കൊണ്ട് ബാബയെ ഓർമ്മിക്കുന്നവർക്ക് സഹജമായിത്തന്നെ ബിന്ദുരൂപമാകാൻ സാധിക്കുന്നു. അവർ ബാബയുടെ വിശേഷ ആശീർവാദങ്ങൾക്ക് പാത്രീഭൂതരാകുന്നു. സത്യതയുടെ ശക്തിയിലൂടെ സമയപ്രമാണം അവരുടെ ബുദ്ധി യുക്തിയുക്തവും യഥാർത്ഥവുമായ കാര്യം സ്വതവേ തന്നെ ചെയ്യുന്നു. ഭഗവാനെ പ്രീതിപ്പെടുത്തിയതാണ് അതിനാൽ ഓരോ സങ്കൽപ്പവും വാക്കും കർമ്മവും യഥാർത്ഥമാകുന്നു. അവർ രഹസ്യയുക്തരും യുക്തിയുക്തരും യോഗയുക്തരുമായി മാറുന്നു.

**സ്ലോഗൻ:- ബാബയോട് സ്നേഹത്തിൽ സദാ ലയിച്ചിരിക്കുകയാണെങ്കിൽ അനേക വിധത്തിലുള്ള ദു:ഖങ്ങളിൽ നിന്നും ചതിവുകളിൽ നിന്നും രക്ഷപ്പെടാം.**